(ഡി) സെറിഫെഡ് ജീവനക്കാർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മത്സരിക്കാൻ അനുവാദമുണ്ടോ ; സെറിഫെഡ് ജീവനക്കാരിൽ ആരെങ്കിലും മത്സരിച്ച് ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ പേരും സ്ഥാപനവും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സെറിഫെഡിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് കേന്ദ്ര സിൽക്ക് ബോർഡും വകുപ്പുതലത്തിലും വിലയിരുത്തൽ നടത്തിയിട്ടുണ്ട്. 2001-2002, 2002-2003 വർഷങ്ങളിൽ സെറികൾച്ചർ പദ്ധതി പ്രവർത്തനത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ട്.

(സി) ഇല്ല. സെറിഫെഡിലെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റു ഭരണ ചെലവുകൾക്കും ഇതുവരെ പദ്ധതി വിഹിതത്തിൽ നിന്നുമാണ് തുക അനുവദിച്ചിരുന്നത്. വാർഷിക ബഡ്ജറ്റിൽ പദ്ധതിയേതര ഇനത്തിൽ നാളിതുവരെ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ഡി&ഇ) അനുവാദമില്ല. എന്നാൽ തൃശ്ശൂർ ജില്ലയിൽ മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിൽ, സെറിഫെഡിലെ ഒരു ഫീൽഡ് അസിസ്റ്റന്റായ ശ്രീ. സി. ജെ. സ്റ്റീഫൻ തെരഞ്ഞെടുപ്പിൽ മത്സരിച്ച് ജനപ്രതിനിധി ആയിട്ടുണ്ട്.

**ഖാദി ബോർഡിന്റെ സെയിൽസ് ഔട്ട്‌ലെറ്റുകൾ വഴി അന്യസംസ്ഥാനത്തു നിന്നും വാങ്ങിയ സിൽക്ക് സാരികൾ**

**141 (2273)** ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ബോർഡിന്റെ സെയിൽസ് ഔട്ട് ലെറ്റുകൾ വഴി അന്യസംസ്ഥാനത്തുനിന്നും വാങ്ങിയ സിൽക്ക് സാരികൾ വിൽക്കാറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നാണ് വാങ്ങിക്കാറുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(സി) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ അങ്ങനെ വാങ്ങിയ സിൽക്ക് സാരിയുടെ പർച്ചേസ് കണക്ക് വ്യക്തമാക്കാമോ ;

(ഡി) അപ്രകാരം വാങ്ങിയ എത്ര സാരികൾ വിറ്റു ; എത്ര ബാക്കിയുണ്ട് ; വിൽക്കാതെ ശേഷിക്കുന്നവമൂലം ബോർഡിനുണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) മുൻകാലങ്ങളിൽ വാങ്ങിയ സിൽക്ക് സാരികൾ വില്ക്കപ്പെടാതെ കെട്ടിക്കിടപ്പുള്ളപ്പോൾ ഈ വർഷവും വാങ്ങാനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കാമോ ;

(എഫ്) ഉണ്ടെങ്കിൽ മേൽ നടപടി ശരിയാണോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പശ്ചിമബംഗാളിലെ ഖാദി കമ്മീഷന്റെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന്.

(സി)

| | എണ്ണം | വില |
|---|---|---|
| 2001-2002 | 18610 | 127.83 ലക്ഷം |
| 2002-2003 | 21530 | 150.86 ലക്ഷം |

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ&എഫ്) മുൻകാലങ്ങളിൽ വാങ്ങിയ സിൽക്ക് സാരികളിൽ വിൽക്കാതെ ശേഷിക്കുന്നവയുടെ കണക്കെടുത്തശേഷമേ പുതിയതായി എത്ര സാരി വാങ്ങണമെന്നുള്ളത് തിട്ടപ്പെടുത്തുകയുള്ളൂ.

**അണ്ടർ വാല്യൂവേഷൻ നടപടി**

**142 (2274)** ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര അണ്ടർ വാല്യൂവേഷൻ നടപടികൾ നിലവിലുണ്ടെന്ന് ജില്ലതിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ എത്ര അണ്ടർവാലേഷൻ നടപടികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒത്തുതീർപ്പാക്കി എന്നു വിശദമാക്കാമോ ;

(സി) അണ്ടർവാല്യൂവേഷൻ കേസ്സുകൾ ഒത്തുതീർപ്പാക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) കോടതി വിധി പ്രകാരം മാറ്റി വച്ച അണ്ടർവാല്യൂവേഷൻ ഉത്തരവുകൾ അന്വേഷണം കൂടാതെ തന്നെ അതേ തുകയ്ക്ക് പുനരാരംഭിക്കുന്നതു കൊണ്ടുണ്ടാകുന്ന കേസുകൾ കുറയ്ക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) വിവരം ശേഖരിച്ചു വരുന്നു.



LIBRARY ARCHIVES Kerala Legislative Assembly